ഇന്നത്തെ പരിതസ്ഥിതിയിൽ കൂടുതൽ വീടുകൾ വയറിംഗ് നടത്തുന്നതിന് തോട്ടം ഉടമകൾ വൈമുഖ്യം കാണിക്കുന്നുണ്ട്.

(സി) തോട്ടം ഉടമകൾക്കെതിരായി നിയമനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 17-2-1986-ൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിലും 7-3-1986-ൽ കൂടിയ കേരളാ പ്ലാന്റേഷൻ ലേബർ ഹൗസിംഗ് ഉപദേശകസമിതി യോഗത്തിലും വൈദ്യുതീകരണം പ്രത്യേകമായി ചർച്ച ചെയ്തു തീരുമാനമെടുക്കുകയുണ്ടായി. അതിൻപ്രകാരം വെതർ പ്രൂഫ് വയർ മാത്രമാവശ്യമുള്ള വീടുകൾ ഒരു കൊല്ലത്തിനുള്ളിലും ഏറ്റവും അടുത്ത സബ്സ്റ്റേഷനിൽ നിന്ന് 150 മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന വീടുകൾ രണ്ടു കൊല്ലത്തിനുള്ളിലും മറ്റുള്ളവ തുടർന്ന് മുൻഗണനാക്രമത്തിലും വൈദ്യുതീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ വസതികളുടെ വൈദ്യുതീകരണം

239 [410] ശ്രീ. എം. ജിനദേവൻ :
,, ജി. വരദൻ :
,, കെ. മൂസ്സക്കുട്ടി :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ വസതികൾ വൈദ്യുതീകരിക്കേണ്ട നിയമമനുസരിച്ച് എത്ര വസതികൾ ഇതിനകം വൈദ്യുതീകരിച്ചു ;

(ബി) ഇനി വൈദ്യുതീകരിക്കേണ്ടവ എത്ര ;

(സി) വൈദ്യുതീകരണം നടത്താത്തതിനെതുടർന്നു എത്ര തോട്ടം ഉടമകളുടെമേൽ ഇതിനകം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ, ബി) 12,177 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. കൂടാതെ 4,780 വീടുകൾ വയറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. 45,635 വീടുകൾ ഇനിയും വൈദ്യുതീകരിക്കുവാനുണ്ട്.

(സി) വൈദ്യുതീകരിക്കാത്തതിന് 12 തോട്ടം ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പാക്കാത്ത തോട്ടമുടമകൾക്കെതിരെ നടപടി

240 [411] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പാക്കുന്നതിന് തോട്ടമുടമകൾ തയ്യാറാകുന്നില്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പാക്കാത്ത തോട്ടമുടമകളുടെമേൽ ഇതുവരെ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly